19393
26/10/19

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ നഴ്സറി നടത്തിപ്പിലെ അഴിമതി - ശ്രീ.വൈ.നാസറുദ്ദീൻ, റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്കനടപടി -കുറ്റവിമുക്തനാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.215/2019/വനം** തീയതി,തിരുവനന്തപുരം, 13/06/2019

---

പരാമർശം:- 1 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 26.9.17, 21.03.2019 തീയതികളിലെ ബി9-15614/2017 നമ്പർ കത്തുകൾ

2 സർ ക്കാരിന്റെ 09/07/2018ലെ FWLD A2/83/2017 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3 കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.വൈ.നാസറുദ്ദീൻ, റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച 10/10/2018ലെ പ്രതിവാദപത്രിക

## ഉത്തരവ്

ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ 2014-15-ൽ കരീലകുളങ്ങര, കറ്റാനം എന്നിവിടങ്ങളിലും 2013-14-ൽ കരീലകുളങ്ങരയിലും എടുത്ത നഴ്സറി ജോലികളിൽ അഴിമതി നടക്കുന്നു എന്ന പരാതിയിന്മേൽ പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ജോലികളിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയുമുണ്ടായി.കരീലകുളങ്ങരയിൽ 2013-14-ൽ മദർ ബെഡ് നഴ്സറിയും , ബാസ്കറ്റഡ് നഴ്സറിയും എടുത്തത് സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. വൈ നാസറുദ്ദീൻ, റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ ആയിരുന്നു. ടി ജോലികൾ ചെയ്തതിന്റെ ബില്ലുകൾ അംഗീകൃത കൺവീനറായ ശ്രീ.കെ.ഇ.നൗഷാദിന്റെ പേരിലാണ് സമർപ്പിച്ചിരുന്നത്. എന്നാൽ 2013-14-ലെ കരീലകുളങ്ങരയിലെ നഴ്സറിയുടെ ജോലികൾ കൺവീനർ ശ്രീ.കെ.ഇ.നൗഷാദ് ചെയ്തിരുന്നില്ലായെന്ന് ടിയാൻ മൊഴി നൽകുകയും, ആകയാൽ

ശ്രീ.കെ.ഇ.നൗഷാദിന്റെ പേരിൽ സമർപ്പിച്ചത് വ്യാജബിൽ ആയിരുന്നുവെന്നും അന്വേഷണത്തിൽ തെളിയുകയുണ്ടായി.കൂടാതെ ടി നഴ്സറികൾക്കുവേണ്ടി മണൽ, ചാണകം തുടങ്ങിയവ വാങ്ങിച്ചതിന് വേണ്ടി സമർപ്പിച്ച വൗച്ചറുകൾ വ്യാജപേരിലും വിലാസത്തിലും ആണെന്നും അന്വേഷണത്തിൽ കണ്ടെത്തിയതുവഴി സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. വൈ നാസറുദ്ദീന്റെ ഭാഗത്ത് നിന്നും ഉണ്ടായത് ഗുരുതരമായ അഴിമതിയും കൃത്യവിലോപവുമാണെന്നും പരാമർശം (1) ലെ 26.9.17 ലെ കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിക്കുകയുണ്ടായി.

2)ശ്രീ വൈ നാസറുദീൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ, ടിയാനെതിരെയുള്ള അച്ചടക്ക നടപടി കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 3(ബി) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 4 0 0 രൂപ വീതം അഞ്ചു വർഷത്തേക്കു കുറവു ചെയ്യുവാൻ താൽക്കാലികമായി തീരുമാനിക്കുകയും ആയതിനു പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കുകയുമുണ്ടായി.

3) ശ്രീ വൈ . നാസറുദ്ദീൻ , റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ പരാമർശം(3 ) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയും ആയതിനു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച അഭിപ്രായവും സർക്കാർ വിശദമായി പരിശോധിച്ചു .

4)അന്വേഷണ റിപ്പോർട്ട് പ്രകാരം ഈ വിഷയത്തിൽ സർക്കാർ നഷ്ടം ഉണ്ടായിട്ടില്ല. നഴ്സറിയിലെ തൈകളുടെ ഗുണത്തെക്കുറിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടില്ല. സർക്കാർ നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഇതേ വിഷയവുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി സ്വീകരിച്ച ശ്രീ.കെ.പി.മാത്യു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്കനടപടിയിൽ സെൻഷ്വർ ശിക്ഷ നൽകി 11.02.2019-ൽ തീർപ്പാക്കിയിരുന്നുവെന്നും ഈ വസ്തുതകളുടെ അടിസ്ഥാനത്തിലും, ഇതിനകം തന്നെ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും ദയാപരമായ സമീപനം കൈക്കൊണ്ട് ടിയാനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1) ലെ 21.03.2019 ലെ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.

5)കൺവീനർക്ക് ജോലി അനുവദിച്ചു നൽകുന്നത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തലത്തിലാണ്. നഴ്സറിയിലെ തൈകളുടെ ഗുണത്തെക്കുറിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടില്ല. സർക്കാർ നഷ്ടം സംഭവിച്ചിട്ടില്ല. കൺവീനർ വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ജോലികൾക്ക് മേൽനോട്ടം വഹിക്കുക എന്ന ഉത്തരവാദിത്വമാണ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ ശ്രീ .വൈ.നാസറുദ്ദീൻ ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും, നഴ്സറികൾ വളരെ വിജയപ്രദമായിരുന്നു എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, നഴ്സറിനിർമാണത്തിനുള്ള സ്ഥലവും ഗുണനിലവാരവും മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തിയിരുന്നുവെന്നതും വിലയിരുത്തി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയും,ശ്രീ.വൈ.നാസറുദ്ദീൻ സമർപ്പിച്ച പ്രതിവാദപത്രികയും അംഗീകരിച്ച്

സെക്ഷൻ ഫോറസ്റ്റാഫീസർ തസ്തികയിൽ നിന്നും വിരമിച്ച ,ശ്രീ.വൈ.നാസറുദ്ദീനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.വൈ.നാസറുദ്ദീൻ, റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.06.13 12:43:13 IST
Reason: Approved
സെക്ഷൻ ഓഫീസർ